(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ & ബി) 17-6-2003-ലെ സ. ഉ. (എം.എസ്.) നമ്പർ 96/03/നി.വ. പ്രകാരം കെ.എസ്.ബി.സി.-ക്ക് 51 പുതിയ വിദേശമദ്യഷാപ്പുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

നിയമ വിരുദ്ധ മദ്യ വില്പന

52 (1106) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വിരുദ്ധ മദ്യ വില്പനയെപ്പറ്റി അന്വേഷിച്ചു കണ്ടെത്തി അതില്ലാതാക്കുക എന്ന കർത്തവ്യം എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായി നിർവഹിക്കാറുണ്ടോ ;

(ബി) എങ്കിൽ ദിനം പ്രതി വ്യാജ മദ്യ വില്പന കേന്ദ്രങ്ങൾ വർദ്ധിച്ചു വരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വീഴ്ച വരുത്തുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശക്തമായ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോധവൽക്കരണവും കൊണ്ട് പല വ്യാജ മദ്യ ഉല്പാദന വിപണന കേന്ദ്രങ്ങൾ ഇല്ലാതായിട്ടുണ്ട്. നിലവിലുള്ള വ്യാജ മദ്യ ഉല്പാദന വിപണന കേന്ദ്രങ്ങളിൽ ശക്തമായ റെയിഡുകൾ ഇപ്പോഴും നടന്നു വരുന്നു. അതുകൊണ്ട് ദിനംപ്രതി വ്യാജ മദ്യ വില്പന കേന്ദ്രങ്ങൾ വർദ്ധിച്ചു വരുന്നു എന്നത് ശരിയല്ല.

ബാലുശ്ശേരി എക്സൈസ് റേഞ്ചിലെ വ്യാജവാറ്റ്

53 (1107) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ വ്യാജവാറ്റ് വർദ്ധിച്ചു വരുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly